ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ ഓരോ പഞ്ചായത്തുകളെപ്പറ്റിയും പ്രത്യേകം പ്രത്യേകം ചോദിക്കാൻ പാടില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പടന്ന പഞ്ചായത്തിലെ ബിൽ കളക്ടറുടെ നിവേദനത്തിൽ എന്തു നടപടികൾ എടുത്തുവെന്നുള്ളതിനെപ്പറ്റി നിയമസഭയിൽ വച്ച് പെട്ടെന്നു പറയാൻ നിവർത്തിയില്ല. വളരെയധികം ജീവനക്കാരുള്ള ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം പല അവശതകളും ഉണ്ടാകും. അത് പരിഹരിക്കാൻ വേറെ മാർഗ്ഗങ്ങളുണ്ട്.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: ഒരു കാമൺകേഡർ പഞ്ചായത്തു ജീവനക്കാർക്ക് നൽകുന്നതിനായി നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരുടെ നിവേദനത്തിൽ പറഞ്ഞിട്ടുള്ള 25 സംഗതികളും മേശപ്പുറത്തു വെച്ചിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച കാര്യവും 25 ആവശ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടേക്കാം.

പെരിഞ്ചാൺകുട്ടി പദ്ധതി

* 253 [908] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചാൺകുട്ടി പദ്ധതിയുടെ ജലസംഭരണമേഖലയായ ചിന്നാർ, പെരിഞ്ചാൺകുട്ടി പ്രദേശങ്ങളിൽനിന്നും കർഷകരെ കുടിയിറക്കുവാൻ ഗവൺമെൻറ് നടപടികൾ വല്ലതും സ്വീകരിച്ചുകഴിഞ്ഞുവോ;

(ബി) ഈ പ്രദേശത്തുനിന്നും എത്ര കുടുംബങ്ങളെ കുടിയിറക്കുവാനാണുദ്ദേശിക്കുന്നത്;

(സി) കുടിയിറക്കുന്ന കുടുംബങ്ങളെ എവിടെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: പെരിഞ്ചാൺകുട്ടി പദ്ധതി പ്രദേശത്ത് ഒരു മാസത്തിനു മുമ്പു ആർ. ഡി. ഓ. യുടേയും മറ്റു ഉദ്യോഗസ്ഥൻമാരുടേയും നേതൃത്വത്തിൽ ഷെഡ്ഡുകൾ കെട്ടി അവിടെയുള്ള കൃഷിക്കാരെ കുടിയിറക്കാൻ തീരുമാനിച്ചുവെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അവിടെയുള്ള കർഷകരോടു പറഞ്ഞിട്ടുള്ളതായും അറിയുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം ഉപേക്ഷിച്ചു പോയിയെന്നാണോ ആശ്വാസപൂർവ്വം വിശ്വസിക്കേണ്ടത്?

ശ്രീമതി കെ. ആർ. ഗൗരി: ഈ അടുത്തകാലത്ത് അവിടെ ആരെങ്കിലും കയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിൽ അവരെയെല്ലാം തന്നെ അവിടെനിന്നും ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. 1-1-1968 നു ശേഷമുള്ള കയ്യേറ്റങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. പെരിഞ്ചാൻകുട്ടി പദ്ധതിയെ സംബന്ധിച്ച് ഫൈനലായിട്ടു തീരുമാനിക്കാതെ അവിടെ താമസിക്കുന്ന ആളുകളെ ഇറക്കുന്നത് ശരിയായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയില്ല. അവസാന തീരുമാനം എടുത്തുകഴിഞ്ഞാൽ അവിടെയുള്ള ആളുകളെ മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ്: പെരിഞ്ചാൻകുട്ടി പദ്ധതി പ്രദേശത്ത് 1-1-1968-ന് ശേഷം ആരും തന്നെ കയറി താമസിച്ചിട്ടില്ലെന്നുള്ള വസ്തുത ഗവൺമെൻറിനറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഈ അടുത്തകാലത്ത് ചിലയാളുകൾ കയ്യേറിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനു മുമ്പുള്ളവർക്കെല്ലാം തന്നെ ഗവൺമെൻറിൽനിന്നും കാർഡു കൊടുത്തിട്ടുണ്ട്. അവിടെയുള്ള ഭൂമി അവിടെയുള്ള കർഷകരുടെ കോവാപ്പറേറ്റീവ് സൊസൈറ്റിക്ക് വിട്ടുകൊടുക്കണമെന്ന് ശ്രീ. ജോർജ്ജ് ഉൾപ്പെടെയുള്ള കുറെയാളുകൾ ഗവൺമെൻറിലേക്ക് മെമ്മോറാണ്ടം തന്നിട്ടുണ്ട്. എന്നാൽ ആ സ്ഥലത്ത് പുതിയതായി പ്രവേശിച്ചവരെ ഇറക്കണമെന്നാണ് ഗവൺമെൻറു വിചാരിക്കുന്നത്.

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ ഈ അടുത്തദിവസവും അവിടെ പോയി കണ്ടതാണ്. ചിന്നാറിനു അടുത്തുള്ള ഒരു ബൽറ്റു സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് അവിടെയുള്ള കർഷകർക്കും അവരുടെ സഹകരണ സംഘത്തിനും കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അവിടെയുള്ള കൃഷിക്കാർ സ്ഥിരം ദേഹണ്ഡങ്ങൾ വെച്ചിട്ടുള്ളതും എന്നാൽ അനുഭവത്തിൽ വന്നിട്ടില്ലാത്തതുമായിട്ടുണ്ട്, അങ്ങനെയുള്ളവർക്കു കൂടി മാറ്റി താമസിപ്പിക്കുമ്പോൾ ആവശ്യമായ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്. പുതിയ കയ്യേറ്റങ്ങൾ എന്നുള്ളതരത്തിൽ അവിടെ ഒരു കയ്യേറ്റവും ഉണ്ടായിട്ടില്ല. 1-1-1968-നു മുമ്പുള്ള കൃഷിക്കാർ മാത്രമേ അവിടെയുള്ളൂ. ഈ വക കാര്യങ്ങളെപ്പറ്റി ഗവൺമെൻറിൽനിന്നും പുനഃപരിശോധിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: 1-1-1968-നു മുമ്പു അവിടെ കയറിയിട്ടുള്ള കൃഷിക്കാരെ ഒഴിപ്പിക്കാൻ പാടില്ലെന്നാണ് ഗവൺമെൻറിന്റെ നിർദ്ദേശം. അങ്ങനെയുള്ളവരെ മാറ്റി താമസിപ്പിക്കുമ്പോൾ അവർക്ക് കൊടുക്കേണ്ട സഹായങ്ങളെപ്പറ്റിയുള്ള നിബന്ധനകൾ സ്വീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. 1-1-1968-ന് ശേഷം ആരെങ്കിലും കയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിൽ അവർക്കാർക്കും തന്നെ ഈ ആനുകൂല്യം ലഭിക്കുകയില്ല.

ശ്രീ. എം. എം. തോമസ്: മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽ ഗവൺമെൻറ് എടുത്തിട്ടുള്ള തീരുമാനം ജനങ്ങൾക്ക് അതൃപ്തികരമായതുകൊണ്ട് ഈ സഭയിൽ ആ റിപ്പോർട്ടു ചർച്ച ചെയ്യാമെന്ന് ഇതിനുമുമ്പ് ഒരു ദിവസം മന്ത്രി ഉറപ്പു തന്നിട്ടുണ്ട്. എന്നാൽ ഇതുവരെയും അതിവിടെ ചർച്ച ചെയ്യാത്ത സ്ഥിതിക്ക് ഈ സെഷനിൽതന്നെ ആ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് ഇവിടെ ചർച്ചയ്ക്കു വയ്ക്കാമെന്ന് പറഞ്ഞിട്ടില്ല. ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർക്ക് വിതരണം ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്. അതനുസരിച്ച് ആ റിപ്പോർട്ട് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ടി. ജേക്കബ്ബ്: പെരിഞ്ചാൻകുട്ടി പദ്ധതി പ്രദേശത്ത് ഏതാനും ഷെഡ്ഡുകൾ ഉണ്ടാക്കിയത് കയ്യേറ്റം ഉണ്ടാകാതെ തടയാൻ വേണ്ടിയാണെന്നു പറഞ്ഞു. എന്നാൽ അവിടെ വൻതോതിലുള്ള ഒഴിപ്പിക്ക

LIBRARY ARCHIVES Kerala Legislative Assembly

ലുകാരുക്കുള്ള കളമൊരുക്കലാണെന്ന് വമ്പിച്ച പ്രചരണം നടത്തുകയും അതിന്റെ ഫലമായി അവിടെയുള്ള കർഷകർ വളരെയധികം യെപ്പാടോടു കൂടി കഴിയുകയുമാണ്. ആ പദ്ധതിയെപ്പറ്റി സമഗ്രമായി പരിശോധിക്കാതെ അവിടെ നിന്നും ആരെയും ഒഴിപ്പിക്കുകയില്ലെന്ന് ഒരു പ്രഖ്യാപനം നടത്താൻ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെന്റിന്റെ നയം എന്താണെന്നുള്ളത് വ്യക്തമാക്കിയിട്ടുണ്ട്. 1-1-1968-ന് മുമ്പ് ഇതുപോലെയുള്ള പ്രോജക്ടു ഏരിയായിൽ താമസിക്കുന്നവരെ സംബന്ധിച്ച് മാറ്റി താമസിപ്പിക്കുന്നതിനുള്ള നിബന്ധനയുണ്ട്. മൂന്നേക്കർവരെ സ്ഥലം ലാൻഡ് അസൈൻമെന്റു റൂൾസ് പ്രകാരം അർഹതയുള്ളവർക്ക് കൊടുക്കുന്നതിനും മാറ്റി താമസിപ്പിക്കുമ്പോൾ അവർക്ക് ഇംപ്രൂവ്മെന്റു കൊടുക്കുന്നതിനും—മുൻകാലങ്ങളിൽ ഇംപ്രൂവ്മെന്റു കൊടുത്തിരുന്നില്ല—മാറ്റി താമസിപ്പിക്കുമ്പോൾ അവർക്ക് ഹാർഡുഷിപ്പ് ഉണ്ടാകാതിരിക്കാൻ ആഹാരംവരെ പാകംചെയ്തു കൊടുക്കുന്നതിനും, വണ്ടികളിൽ കയറ്റി അയയ്ക്കുന്നതിനുമുള്ള ഏർപ്പാടുകളും ചെയ്തിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റു ''മുഴുവനായി'' അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ടും അതിൻമേൽ ഈ ഗവൺമെന്റു എടുത്തിട്ടുള്ള തീരുമാനം കുഴപ്പം പിടിച്ചതായതുകൊണ്ടും ഇന്നത്തെ ഗവൺമെന്റിന്റെ കൽപന ഭേദഗതി ചെയ്യാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: മണിയങ്ങാടൻ കമ്മിറ്റിയുടെ റിപ്പോർട്ട് മുഴുവനായി അംഗീകരിച്ചിട്ടില്ലെന്നുള്ളത് ശരിയാണ്. എന്നാൽ ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ ഗവൺമെന്റു അംഗീകരിച്ചിട്ടുള്ളത് കുഴപ്പമാണെന്ന് പറഞ്ഞതു ശരിയല്ല. കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യം ഈ ഗവൺമെന്റു ചില കാര്യങ്ങളിൽ ചെയ്തുകൊടുക്കുന്നുണ്ട്. ഒരു ചെറിയ സൊലേഷ്യം കൊടുത്താൽ മതിയെന്ന്, അതായത് 100 രൂപ കൊടുത്താൽ മതിയെന്നാണ് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അതു മാറ്റിയിട്ട് നാലു തൂണുള്ള ഒരു പുര വയ്ക്കുന്നതിന് 250 രൂപയെങ്കിലും വേണമെന്നുള്ള നിലയ്ക്ക് സൊലേഷ്യം 250 രൂപ കൊടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മാറ്റി താമസിപ്പിക്കുമ്പോൾ അവർക്ക് പോകുന്നതിനുള്ള ബസ് ഇടപാടു ചെയ്തുകൊടുക്കണമെന്നോ ചോറു കൊടുക്കണമെന്നോ പറഞ്ഞിട്ടില്ല. പിന്നെ മനുഷ്യത്വപരമായി കർഷകരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കിയ ഒരു ഗവൺമെന്റാണ് ഇതെന്നുള്ള നിലയ്ക്ക് കർഷകർക്ക് ആവശ്യമായ ആനുകൂല്യങ്ങളെല്ലാം ചെയ്തു കൊടുക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ജനങ്ങളുടെ ഇടയിലുണ്ടാകുന്ന വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് ഇവിടെ ചർച്ച ചെയ്യാനും, ചർച്ചയുടെ വെളിച്ചത്തിൽ ആവശ്യമായ ഭേദഗതികൾ സ്വീകരിക്കാനും ഈ ഗവൺമെന്റു തയ്യാറാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഈ നിയമസഭയെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ വളരെയധികം അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പാസാക്കുന്നതിനും വേണ്ടി കൂടിയതാണ്. പിന്നെ സമയമുണ്ടെങ്കിൽ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടു ചർച്ച ചെയ്തു എല്ലാവരുടേയും ഉള്ളിലുള്ളത് പകർന്നു അതിന്റെ അടിസ്ഥാനത്തിൽ കർഷക

LIBRARY ARCHIVES Kerala Legislative Assembly

രുടെ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഈ ഗവൺമെൻറ് ഒരിക്കലും എതിരല്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 1-1-1968-ന് മുമ്പുള്ള കയ്യേറ ക്കാരെ ഒഴിപ്പിക്കാൻ പാടില്ലെന്നും 1-1-1968-നു ശേഷമുള്ള കയ്യേറക്കാരെ ഒഴിപ്പിക്കുമെന്നുമാണ് ഗവൺമെൻറിൻെറ നിലപാടെന്ന് പറഞ്ഞു. 1-1-1968-നു മുമ്പു കയ്യേറിയവരാണെന്ന് തീരുമാനിക്കുന്നത് ആരാണ്? പോലീസ് ഉദ്യോഗസ്ഥൻമാരാണോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞതു പോലെയുള്ള ബുദ്ധിമുട്ടുകളൊന്നും ഇക്കാര്യത്തിലുണ്ടായിട്ടില്ല. 1-1-1968-നു മുമ്പുള്ളവരുടെ ലിസ്റ്റു എടുത്തു അവർക്കെല്ലാം തന്നെ കാർഡു കൊടുത്തിട്ടുണ്ട്. അവരുടെ കാർഡനുസരിച്ചാണ് തീരുമാനം എടുക്കുന്നത്.

ശ്രീ. കെ. എം. ജോർജ്ജ്: 1-1-1968-നു മുൻപുള്ള താമസക്കാർക്കു മാത്രമേ കാർഡു കൊടുത്തിട്ടുള്ളൂ എന്നു പറയുകയുണ്ടായി. പക്ഷേ ഈ പറയുന്ന പെരിഞ്ചാൻകുട്ടി മേഖലയിൽ കാർഡു കൊടുത്തിട്ടുള്ളത്, ചില സ്ഥലങ്ങളിൽ പോയി അവിടെ താമസിക്കുന്നവർക്കും അപ്പോൾ അവിടെ ഉണ്ടായിരുന്നവർക്കും മാത്രമാണ്. മറ്റുള്ളവർക്ക് കൊടുത്തിട്ടില്ലെന്ന പരസ്യമായ ആക്ഷേപം കർഷകരുടെയിടയിലുണ്ട്. ചുരുളി, കീരിത്തോട് പ്രദേശത്ത് കുടിയിറക്കിയ ഒരു റെയിഞ്ചർ കുറുപ്പ് എന്നു പറയുന്ന ഉദ്യോഗസ്ഥൻ പെരിഞ്ചാൻകുട്ടി പ്രദേശത്തുചെന്ന് കുടിയിറക്കിക്കളയുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുന്നതുകൊണ്ട് കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് 1-1-1968-നു മുൻപുണ്ടായിരുന്നവർക്കെല്ലാം കാർഡ് കിട്ടിയിട്ടില്ലെന്നുള്ള വസ്തുതയെ പരിഗണിച്ച് ആ പ്രദേശത്ത് ആ കാര്യങ്ങൾ ഒന്നുകൂടി നീതിയായി ചെയ്യാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഈ കുറുപ്പിനു് അവിടെ എന്തു കാര്യമാണെന്നു എനിക്കറിഞ്ഞുകൂടാ. ഇത് റവന്യൂലാൻറാണ്. ഏതായാലും ഈ ഫാറസ്റ്റ് ഉദ്യോഗസ്ഥൻ അവിടെ പെന്നു ആളുകളെ ഭീഷണിപ്പെടുത്തി പ്രതിഫലം വാങ്ങുന്നുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനു ഇടപാടു ചെയ്യാം. ഇതിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനു് കാര്യമില്ല. ഇത് റവന്യൂവിലേക്ക് വിട്ടുകിട്ടിയ ഭൂമിയാണ്.

ശ്രീ. കെ. ടി. ജേക്കബ്ബ്: എൻെറ നിയോജകമണ്ഡലത്തിലെ ഒരു പ്രദേശമാണെന്നുള്ള നിലയിലും നിത്യേന ഞാൻ അവിടെ സഞ്ചരിക്കുന്ന ഒരാളെന്ന നിലയിലും പത്തു മൂവ്വായിരത്തോളം കുടുംബങ്ങൾ അവിടെ നിന്നും ഒഴിഞ്ഞു പോകേണ്ടിവരുമെന്നുള്ള ഭീതി അവരിൽ നിൽക്കുന്നതു കൊണ്ടും ഒരു സ്റ്റേറ്റുമെൻറ് ഞാൻ ഇവിടെ സമർപ്പിച്ചാൽ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങനെയുള്ള ഒരു ഭീതിവേണ്ട എന്നു ഒരു പ്രസ്താവന ചെയ്യാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കെ. ടി. ജേക്കബ്ബ് മൂവ്വായിരം പേരുടെ ഒരു ലിസ്റ്റ് സമർപ്പിക്കാമെന്നു പറഞ്ഞാൽ ഗവൺമെൻറിനു് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അത് ചെയ്യാതിരിക്കുകയാണ് നല്ലത്. പക്ഷേ പഴയ ആളുകളെ, മണിയങ്ങാടൻ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറിൻെറ തീരുമാനത്തിനു് വിധേയമായിട്ടല്ലാതെ മറ്റു വിധത്തിൽ ഒഴിപ്പിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. തോമസ്: കല്യാണപ്പാറത്തണ്ടിനും ചിന്നാറിനും ഇടയ്ക്കുള്ള സ്ഥലത്തു താമസിക്കുന്ന കൃഷിക്കാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം മണിയങ്ങാടൻ കമ്മിറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല. പെരിഞ്ചാൻകുട്ടി പദ്ധതിയെപ്പറ്റി യാതൊരു തീരുമാനവും എടുക്കാത്ത പക്ഷം അവിടത്തെ കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് മെമ്മോറാണ്ഡം കൊടുത്തിരുന്നു. ആ കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: മെമ്മോറാണ്ഡത്തിന്റെ കാര്യമൊന്നും ഞാൻ ഓർക്കുന്നില്ല. ഒരു സ്കീമിനുവേണ്ടി എടുത്ത സ്ഥലത്തു താമസിക്കുന്ന കൃഷിക്കാർക്കു പട്ടയം കൊടുത്താൽ ഗവൺമെന്റ് ആ ഭൂമിക്ക് മാർക്കറ്റുവില കൊടുക്കേണ്ടിവരും. എങ്കിലും സ്കീമിന്റെ കാര്യം അംഗീകരിച്ച് അവസാനമായി നടപ്പിലാകുമെന്നു പറയാതെ ആ സ്ഥലത്തെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കാൻ പറ്റുകയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പു ചോദിച്ചപ്പോൾ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് സമയമുണ്ടാക്കി ചർച്ചക്കെടുക്കാമെന്നു പറഞ്ഞിരുന്നു. ഇപ്പോൾ സമയമുണ്ടാക്കി ആ റിപ്പോർട്ട് ചർച്ചക്കെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരിക്കൽ പറഞ്ഞ വാക്ക് പിന്നെയും ആവർത്തിക്കുന്നു, അതിന്റെ കാപ്പി കൊടുക്കാമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. സമയമുണ്ടെങ്കിൽ, കാർഷിക പരിഷ്കരണ ബില്ലും മറ്റുമൊക്കെ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം സമയമുണ്ടെങ്കിൽ രണ്ടു മണിക്കൂറോ ഒരു ദിവസമോ കൃഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഗവൺമെന്റിന് വിരോധമില്ല.

கவர்மென்றுக்குச் சொந்தமான கம்பெனிகளில் லேபர்வெல்பயர் ஆபீஸர்கள்

*254. [909] ஸ்ரீ. என் கணபதி: கீழ் காணும் விஞ்க்களுக்கு இன்டஸ்டிறீஸ் மந்திரி அவர்கள் விடை பகர்வார்களாக:

(எ) கவர்மென்றுக்குச் சொந்தமான கம்பெனிகளில், தொழிலாளர்களின் மனநிலையை ஆய்ந்து அவர்களுக்கு நல்லுபதேசம் நல்கி உற்பத்தியைப் பெருக்குவதற்காக, ஒவ்வொரு கம்பெனிகளிலும் மாஸ்டர் ஆப் சோஷியாலஜி, மாஸ்டர் ஆப் சோஷியல் வெல்பயர் ஆகிய பட்டங்கள் பெற்றவர்களை லேபர் வெல்பெயர் ஆபீஸர்களாக நியமிப்பது பற்றி அரசாங்கம் தீவிர பரிசீலனை செய்தது முடிவுற்றதா;

(பி) என்ன முடிவெடுக்கப்பட்டது என்று கூறலாமா;

(சி) இன்டஸ்டிறீஸ் டிப்பார்ட்மென்றில் கோவாப்பரேட்டிவ் சொசைட்டிகளிலும் மற்றும் இத்தகைய பட்டங்கள் பெற்றவர்கள் இருந்தால் அவர்களுக்கு பதவி உயர்வு கொடுத்து இந்தப் பதவிகளில் அமர்த்த அரசாங்கம் ஆவன செய்யுமா?

Industries Minister **(Shri T. V. Thomas):**

(A, b and c) There is a proposal under the consideration of Government for appointing Labour Officers in the Government-owned Companies. No decision has been taken in the matter finally.

LIBRARY ARCHIVES Kerala Legislative Assembly